(ഡി) ജില്ലയിൽ പ്ലസ്ടു കോഴ്സുകളിൽ മാറ്റം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയ എല്ലാ സ്കൂളുകൾക്കും പ്രസ്തുത മാറ്റം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) താഴെ പറയുന്ന അഞ്ച് സ്കൂളുകളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (1) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെർക്കളം.

(2) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൈവാലിക നഗർ.

(3) ഗവ. ഹയർ സെക്കന്ററി സ്കൂൾ, കക്കാട്.

(4) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാദ്രെ.

(5) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബലാന്തോട്.

(സി) താഴെ പറയുന്ന രണ്ട് സ്കൂളുകൾക്ക് കോഴ്സ് മാറ്റം അനുവദിച്ചിട്ടുണ്ട്;

(1) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെർക്കളം.

(2) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൈവാലിക നഗർ.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പ്ലസ്ടു സ്കൂളിൽ സംസ്കൃതം രണ്ടാം ഭാഷയായി പഠിപ്പിക്കാൻ നടപടി

116 [3295] ശ്രീ. ജോർജ്ജ് ജെ. മാത്യു:

,, ഡൊമനിക് പ്രസന്റേഷൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എ. പി. അനിൽകുമാർ:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്ലസ്ടുവിൽ സംസ്കൃതം സെക്കന്റ് ലാംഗേജ് ആയി പഠിപ്പിക്കുന്നുണ്ട്;

(ബി) സ്കൂൾ തലത്തിൽ സംസ്കൃതം പഠിച്ച പലർക്കും പ്ലസ്ടു തലത്തിൽ സംസ്കൃതം പഠിക്കാൻ കഴിയാതെ വരുന്നുണ്ടോ;

(സി) എത്ര കുട്ടികൾ സംസ്കൃതം പഠിക്കുവാൻ ഉണ്ടെങ്കിൽ ആണ് പ്ലസ്ടുവിന് സംസ്കൃതം അദ്ധ്യാപകനെ നിയമിക്കുവാൻ അനുവാദം നൽകുന്നത്;

(ഡി) ഒന്നിലധികം സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കണക്കാക്കി സംസ്കൃതം പഠിപ്പിക്കുവാൻ ആ സ്കൂളുകൾക്കായി സംസ്കൃതം അദ്ധ്യാപകനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 220 സ്കൂളുകളിൽ സംസ്കൃതം സെക്കന്റ് ലാംഗ്വേജ് ആയി പഠിപ്പിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുറഞ്ഞത് പത്ത് കുട്ടികൾ പഠിക്കുവാൻ ഉണ്ടെങ്കിൽ ഒരു സംസ്കൃത അദ്ധ്യാപകനെ നിയമിക്കാം.

(ഡി) വിശദമായ പരിശോധന ആവശ്യമായതിനാലും നയപരമായ തീരുമാനം കൈക്കൊള്ളേണ്ട കാര്യമായതിനാലും ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ

117 [3296] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ വൊക്കേഷണൽ സ്കൂളുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹയർസെക്കന്ററി—സ്പെഷ്യൽ റൂൾസ് ഭേദഗതിയും പ്രിൻസിപ്പൽ നിയമനവും

118 [3297] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയ്ക്കായി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്പെഷ്യൽ റൂൾസിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(സി) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാമായിരിക്കണം എന്നാണ് സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സ്പെഷ്യൽ റൂൾസിൽ പറഞ്ഞിരിക്കുന്നതിന് വ്യത്യസ്തമായി പ്രിൻസിപ്പൽ നിയമനത്തിന് യോഗ്യത നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏറ്റവും പുതിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly